**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1268      06/02/2020-ൽ മറുപടിയ്ക്ക്

**ചലഞ്ച് ഫണ്ട് പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ ചലഞ്ച് ഫണ്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗത്തിൽപ്പെട്ട സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്കൂൾ മാനേജ്മെന്റ്/സ്കൂൾ സംരക്ഷണ സമിതി സമാഹരിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുക, പരമാവധി 50 ലക്ഷം വരെ നൽകുന്ന പദ്ധതിയാണ് ചലഞ്ച് ഫണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം എത്ര എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്; അറിയിക്കുമോ; | (ബി) | 61 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | അൻപത് ശതമാനം മാനേജ് മെന്റ് വിഹിതം അടച്ചശേഷവും തുല്യമായ സർക്കാർ ഫണ്ട് വിഹിതം നൽകാത്തത് മൂലം സ്കൂളുകളിൽ പണി ആരംഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകളിലാണ് മാനേജ്മെന്റ് വിഹിതം അടച്ചിട്ടും ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരമുള്ള പണി ആരംഭിക്കാത്തത് എന്ന് അറിയിക്കുമോ? | (സി) | മാനേജ്മെന്റ് വിഹിതം ഉപയോഗിച്ച് നിർമ്മാണപ്രവൃത്തി ആരംഭിക്കുകയും സർക്കാർ വിഹിതം ലഭിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും, പുരോഗതിയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന ബില്ലിന്റെ 50%, പരമാവധി തുകയിൽ അധികരിക്കാതെ സർക്കാർ വിഹിതമായി അനുവദിക്കുന്നതാണ്.<br>01/03/2018-ന് മുൻപ് ആരംഭിച്ച പ്രവൃത്തികൾക്ക് ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരമുള്ള സർക്കാർ വിഹിതത്തിന് അർഹതയുണ്ടാവില്ല. |

Reeny

സെക്ഷൻ ഓഫീസർ